പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.199 | 18.03.2015 ൽ മറുപടിയ്ക്ക് |

## മദ്യത്തിനും മയക്കമരുന്നിനും എതിരെ ബോധവൽക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.യു.കുരുവിള :<br>ശ്രീ. സി.എഫ്.തോമസ്:<br>ശ്രീ. മോൻസ് ജോസഫ് :<br>ശ്രീ. തോമസ് ഉണ്ണിയാടൻ : | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിൽ മദ്യത്തിനും മയക്കമരുന്നിനും എതിരെ വ്യാപക ബോധവൽക്കരണം നൽകുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സംസ്ഥാന എക്സൈസ് വകുപ്പിന്റെയും, നാഷണൽ സർവ്വീസ് സ്കീമിന്റെയും സഹകരണത്തോടെ കേരളത്തിലെ എല്ലാ ജില്ലകളിലും 5 ദിവസം വീതം നീണ്ടുനിൽക്കുന്ന ലഹരി വിരുദ്ധ ബോധവൽക്കരണ കലാജാഥ 84 ലക്ഷം രൂപ (എൺപത്തിനാല് ലക്ഷം) ചെലവിൽ സംഘടിപ്പിച്ചു വരുന്നു. പ്രസ്തുത കലാജാഥയുടെ ഭാഗമായി നിർമ്മിച്ച, ലഹരിക്കെതിരെയുള്ള സിനിമയായ 'മിസ് ഫിറ്റിന്റെ' പ്രദർശനവും, നാടക പ്രദർശനവും, ലഘുലേഖ വിതരണവും ഇതോടൊപ്പം നടത്തി വരുന്നു. സ്കൂൾ, കോളേജ് തലങ്ങളിൽ മദ്യത്തിനും മയക്കമരുന്നിനുമെതിരെ ബോധവൽക്കരണ പരിപാടി എന്ന നിലയിൽ എൻ.എസ്.എസ് നെ കൂടി ഉൾപ്പെടുത്തിയാണ് ഇത് നടപ്പിലാക്കി വരുന്നത്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ എല്ലാ ജില്ലകളിലും ഇവ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്.<br><br>സംസ്ഥാന യൂത്ത് കമ്മീഷൻ മദ്യം, മയക്കമരുന്ന് വിപത്തുകൾക്കെതിരെ നിരവധി നടപടികൾക്ക് ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ശുപാർശകൾ സർക്കാർ അംഗീകരിക്കുകയും പൊതു വിദ്യാഭ്യാസം / ഉന്നത വിദ്യാഭ്യാസം / നികുതി / ആഭ്യന്തര വകുപ്പുകളുമായി ഏകോപിപ്പിച്ച് നടപ്പിലാക്കാനുള്ള ശ്രമം നടത്തി വരുന്നു. യുവജന കമ്മീഷന്റെ നടപ്പു വർഷത്തെ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി മദ്യം, മയക്ക മരുന്ന്, പുകയില ഉൽപ്പന്നങ്ങൾ, സൈബർ കുറ്റകൃത്യങ്ങൾ, |

| | |
|---|---|
| | റാഗിംഗ് എന്നിവയ്ക്കെതിരെ സംസ്ഥാനത്തെ വിവിധ ജില്ലകളിലെ കോളേജുകൾ കേന്ദ്രീകരിച്ച് യുവാക്കളുടെയിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം യൂത്ത് ഡിഫൻസ് ഫോഴ്സ് എന്ന പേരിൽ യുവാക്കളായ സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുത്ത് പരിശീലനം നൽകി ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സന്നദ്ധ പ്രവർത്തകർ സംസ്ഥാനത്ത് വിവിധ പരിപാടികൾ ആവിഷ്കരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡും കേരള സംസ്ഥാന യുവജന കമ്മീഷനും ചേർന്ന് 'ക്ലീൻ ക്യാമ്പസ്' - സേഫ് ക്യാമ്പസ് ക്യാമ്പയിനും സംഘടിപ്പിച്ച് വരുന്നു. |
| ബി) സാമൂഹ്യ തിന്മകൾക്കെതിരെ യുവജന മുന്നേറ്റത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാമെന്ന് വ്യക്തമാക്കുമോ ? | ബി) മദ്യം, മയക്കു മരുന്ന് തുടങ്ങിയ സാമൂഹിക തിന്മകൾക്കെതിരെ പദ്ധതികൾ തുടർന്നും സംസ്ഥാനത്തുടനീളം നടത്തുന്നതിന് യൂത്ത് കമ്മീഷൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ അവകാശങ്ങളെക്കുറിച്ചും പ്രസ്തുത വിഭാഗക്കാർക്കെതിരെയുള്ള അതിക്രമം സംബന്ധിച്ച നിയമത്തെ സംബന്ധിച്ചും ഈ വിഭാഗക്കാർക്ക് ലഭ്യമായ ആനുകൂല്യങ്ങൾ സംബന്ധിച്ചും സന്നദ്ധ പ്രവർത്തകരെ നിയമിച്ച് ബോധവൽക്കരണം നടത്തുന്ന പദ്ധതി കമ്മീഷൻ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ